**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 176** **26.9.2011 ന് മറുപടിയ്ക്ക്**

ഹോട്ടലുകളിലെ ശുചിത്വവും വിലനിലവാരവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.റ്റി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഹോട്ടലുകളിൽ വൻതോതിൽ വില ഈടാക്കുന്നതും സാധാരണക്കാരന് ഹോട്ടൽ ഭക്ഷണവില താങ്ങാൻ കഴിയാത്തതുമായ സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (എ) ജില്ലാ ആസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള ചില പ്രധാന സ്ഥലങ്ങളിലെ ഹോട്ടലുകളിൽ ഭക്ഷണ പദാർത്ഥങ്ങൾക്ക് വർദ്ധിച്ച വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഹോട്ടലുകളെ ഗ്രേഡുകളാക്കി തിരിക്കാനും ഭക്ഷണവില ഏകീകരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഹോട്ടലുകളെ ഗ്രേഡുകളാക്കി തിരിക്കാനും ഭക്ഷണവില ഏകീകരിക്കുന്നതിനും നിർദ്ദേശം നിലവിലുണ്ട്. |
| (സി) ഇതു സംബന്ധിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ ; | (സി) ഇതു സംബന്ധമായി കൂടുതൽ പഠനങ്ങൾ ആവശ്യമായതിനാൽ ഇക്കാര്യത്തിൽ നടപടികൾ തുടർന്നു വരുന്നു. |
| (ഡി) ഹോട്ടലുകളിലെ ശുചിത്വവും വിലനിലവാരവും നിരീക്ഷിക്കാനും നിയന്ത്രിക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; (ഇ) പ്രസ്തുത സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) & (ഇ) ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ, നിയന്ത്രിക്കുന്നതിനോ നിലവിൽ സംവിധാനങ്ങളില്ല. ഭക്ഷണ സാധനങ്ങളുടെ വില വിവരപ്പട്ടിക പ്രദർശിപ്പിക്കണം എന്നു മാത്രമേ നിലവിലുള്ള നിയമം അനുശാസിക്കുന്നുള്ളൂ. ഇതിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളിൽ വിൽപ്പന നടത്തുന്ന ഭക്ഷണ സാധനങ്ങളുടെ |

വില പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ ഒറ്റയ്ക്കും, പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ നിരന്തരം പരിശോധന നടത്തി നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. ഹോട്ടലുടമകളുടെ അമിത ചൂഷണം ഒഴിവാക്കുന്നതിനും വില നിലവാരം പിടിച്ചുനിർത്തുന്നതിനുമായി എല്ലാ ജില്ലകളിലും മാവേലി ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ